കേരള പബ്ലിക് സർവീസ് കമ്മീഷൻ
ജില്ലാ ഓഫീസ് : കാസറഗോഡ്.
* * *

**സാധ്യതാ പട്ടിക നമ്പർ: PL1/10/KGD** **കാസറഗോഡ്,**
**കാറ്റഗറി നമ്പർ : 121/07.** **16.01.2010.**

## <u>വിജ്ഞാപനം</u>

12.04.07 -ലെ ഗസറ്റ് വിജ്ഞാപനപ്രകാരം **കാസറഗോഡ് ജില്ലയിൽ** വിവിധ **വകുപ്പുകളിൽ 4300 - 5930** രൂപ ശമ്പള നിരക്കിൽ **ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്കു വേയുള്ള പ്രത്യേകനിയമനം) (കാറ്റഗറിനമ്പർ.121/07)** തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 18.10.08 തീയ്യതിയിൽ നടത്തിയ ഒബ്ജക്ടീവ് രീതിയിലുള്ള പരീക്ഷ (ഒ.എം.ആർ മൂല്യനിർണ്ണയം) യുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിലേക്ക് പരിഗണിക്കപ്പെടാൻ സോപാധികമായി അർഹരാണെന്ന് ക ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ അടങ്ങിയ സാധ്യതാ പട്ടിക ചുവടെ ചേർത്തിരിക്കുന്നു. റാങ്ക്പട്ടിക പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ജനനതീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്കു വിധേ യമാക്കുന്നതാണ്. രേഖകൾ പരിശോധിക്കുന്നതിനുള്ള തീയ്യതി, സമയം, സ്ഥലം എന്നിവ ഈ വിജ്ഞാപനത്തോടൊപ്പം കൊടുത്തിരിക്കുന്നു.

രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പരുകൾക്കു <u>മുന്നിലായി</u> കാസറഗോഡ് ജില്ലയെ സൂചിപ്പിക്കുന്ന <u>'ബി' (B)</u> എന്ന അക്ഷരം ചേർത്ത് വായിക്കേതാണ്.

## <u>മുഖ്യപട്ടിക</u>

| | | | | | |
|---|---|---|---|---|---|
| 100034 | 100070 | 100156 | 100202 | 100212 | 100235 |
| 100245 | 100259 | 100269 | 100274 | 100279 | 100280 |
| 100290 | 100614 | 100630 | 100934 | | |

## <u>ഉപപട്ടിക (പട്ടികവർഗ്ഗം)</u>

| | | | |
|---|---|---|---|
| 100425 | 100440 | 100539 (PH) | 100752 |

**കുറിപ്പ്** 1 :– അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പരുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക്പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

2 :– അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനുശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3) പരീക്ഷയിൽ **77(എഴുപത്തി ഏഴ്)** –ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ അടിസ്ഥാന മാർക്കിൽ ആവശ്യമായ ഇളവ് വരുത്തി ഉപപട്ടിക തയ്യാറാക്കിയിരിക്കുന്നു.

4) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അസ്സൽ സർട്ടിഫിക്കറ്റുകളുടെ പരിശോധന 2-2-2010 ന് രാവിലെ 10 മണിക്ക് കാസറഗോഡ് ജില്ലാ പി.എസ്.സി. ഓഫീസിൽ വെച്ച് നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾ തങ്ങളുടെ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള കാര്യങ്ങൾ അതായത് വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി, നേറ്റിവിറ്റി എന്നിവയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിനാവശ്യമായ പ്രമാണങ്ങളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും മേൽപ്പറഞ്ഞ സമയത്തും തീയ്യതിയിലും നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്.

5) നിലവിലുള്ള വ്യവസ്ഥ പ്രകാരം ഉത്തര പത്രികകൾ പുനർമൂല്യനിർണ്ണയം നടത്തുന്നതല്ല. എന്നാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം അപേക്ഷ സമർപ്പിക്കയാണെങ്കിൽ ഉത്തര പത്രിക റീ ചെക്ക് ചെയ്യുന്നതാണ്.

6) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം 200 രൂപ അടച്ച് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ വ്യവസ്ഥകൾക്ക് വിധേയമായി ഉത്തരക്കടലാസിന്റെ പകർപ്പ് നൽകുന്നതാണ്.

7) 20.08.09 ലെ ERIVA/1731/09/EW വിജ്ഞാപന പ്രകാരം ഉത്തരക്കടലാസുകൾ അസാധുവാക്കപ്പെട്ട ഉദ്യോഗാർത്ഥികളെ ഈ തെരഞ്ഞെടുപ്പിന് പരിഗണിച്ചിട്ടില്ല.

വിമുക്ത ഭടന്മാർ, കായികതാരങ്ങൾ എന്നീ വിഭാഗത്തിൽപ്പെട്ടവർ അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

ടി.എൽ. വിനോദ് കുമാർ,
ജില്ലാ ആഫീസർ,
കെ.പി.എസ്.സി ജില്ലാ ആഫീസ്,
കാസറഗോഡ്.

Approved for issue

Section Officer

Ls/-